I ഇ.ബി. XIII-കേരള നിയമസഭ/XIII-7

# പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2015 മാർച്ച് 16, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അറിയിപ്പ്

ഗവർണ്ണറുടെ സന്ദേശം

2015 മാർച്ച് 11-ാം തീയതി സഭ അംഗീകരിച്ച നന്ദിപ്രമേയത്തിന് കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണ്ണർ നൽകിയ സന്ദേശം ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

## സഭയിലുണ്ടായ അനിഷ്ടസംഭവങ്ങൾ

മി. സ്പീക്കർ: 2015 മാർച്ച് മാസം 13-ാം തീയതി കേരള

നിയമസഭയിലുണ്ടായ ദു:ഖകരമായ സംഭവത്തിലൂടെ പല കാര്യങ്ങളിലും ഒന്നാം സ്ഥാനത്തായിരുന്ന നിയമസഭയ്ക്ക് ആ സ്ഥാനം നഷ്ടപ്പെട്ടിരിക്കുകയാണ്. സമ്മേളനം ആരംഭിക്കുന്നതിനുള്ള മണി മുഴങ്ങുന്നതിനുമുമ്പ്തന്നെ സ്പീക്കറുടെ ഡയസിൽ ചാടിക്കയറിയ പ്രതിപക്ഷാംഗങ്ങൾ ഇലക്ട്രോണിക് ഉപകരണങ്ങളും മറ്റും അടിച്ചുനശിപ്പിക്കുന്ന ദൃശ്യങ്ങൾ കേരളത്തിന്റെ സാംസ്കാരിക പുരോഗതിയെ വെല്ലുവിളിക്കുന്നതും നിയന്ത്രണ സീമകൾ ലംഘിക്കുന്നതും നാണംകെട്ടതും മറ്റൊരു നിയമസഭകളിലും ഉണ്ടായിട്ടില്ലാത്തതുമാണ്. സംസ്കാര സമ്പന്നരും സാക്ഷരരുമായ കേരളീയർ ഇത്തരമൊരു അവസ്ഥയിലേയ്ക്ക് തരം താഴ്ന്നത് സഭയ്ക്കുതന്നെ തീരാകളങ്കമായി മാറിയിരിക്കുന്നു. ജനാധിപത്യത്തേയും നിയമനിർമ്മാണ പ്രവർത്തനങ്ങളേയും ഇത് ദോഷകരമായി ബാധിക്കുമെന്നതിൽ ഓരോരുത്തരും സ്വയം ലജ്ജിക്കുകയും ദു:ഖം രേഖപ്പെടുത്തുകയും ജനങ്ങളോട് മാപ്പുപറയേണ്ടതുമാണ്. കാലങ്ങളോളം നിലനിൽക്കേണ്ട ജനാധിപത്യമൂല്യങ്ങൾ ഇത്തരം സംഭവവികാസങ്ങളിലൂടെ നശിപ്പിക്കാൻ പാടില്ല. മാർച്ച് 13-ാം തീയതി നിയമസഭയിൽ നടന്ന

സംഭവങ്ങളിന്മേൽ കുറ്റക്കാർക്കെതിരെ നടപടിയെടുക്കുന്നതിനായി പ്രമേയം അവതരിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അതേസമയം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ ബഡ്ജറ്റ് അവതരണത്തിൽ നിന്നും മാറ്റണമെന്ന് ആവശ്യപ്പെട്ട് സഭയിലുണ്ടായ പ്രതിഷേധത്തിനുനേരെയും എൽ.ഡി.എഫ്. മാർച്ചിനുനേരെയും സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ പോലീസ് അഴിച്ചുവിട്ടതായി പറയപ്പെടുന്ന മർദ്ദനങ്ങളെയും ലാത്തിചാർജ്ജിനെയും കണ്ണീർ വാതക പ്രയോഗത്തെയും സംബന്ധിച്ച് ഒരു അടിയന്തരപ്രമേയ നോട്ടീസ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാക്കളും നൽകിയിട്ടുണ്ട്. ഈ രണ്ട് കാര്യങ്ങളെയും പറ്റി കക്ഷി നേതാക്കളുമായി ചർച്ച ചെയ്യുന്നതിന് സഭ അൽപ്പസമയം നിറുത്തിവയ്ക്കുന്നു.

(രാവിലെ 9.34-ന് നിറുത്തി വച്ച സഭ 11.35-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ പുനരാരംഭിച്ചു. )

മി. സ്പീക്കർ: പ്രസ്തുത വിഷയത്തെ സംബന്ധിച്ച് ഇരുഭാഗത്തേയും കക്ഷിനേതാക്കന്മാരുമായി സംസാരിച്ചിട്ടും യോജിച്ചൊരു തീരുമാനത്തിലെത്താൻ കഴിയാത്ത സാഹചര്യത്തിൽ ഗവൺമെന്റ്

ഭാഗത്തുനിന്ന് പ്രമേയം അവതരിപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ക്ഷണിക്കുന്നു.

**പ്രമേയം**

സഭാസമ്മേളനം തടസ്സപ്പെടുത്തിയ എം.എൽ.എ.-മാരുടെ സസ്പെൻഷൻ

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): നിയമസഭയുടെ ചരിത്രത്തിൽ ഇതുവരെ ഉണ്ടായിട്ടില്ലാത്ത നാണക്കേടുണ്ടാക്കുന്നതും നിർഭാഗ്യകരവുമായ സംഭവമാണ് മാർച്ച് 13-ാം തീയതി നിയമസഭയിൽ അരങ്ങേറിയത്. ഭരണകക്ഷി എം.എൽ.എ.മാർ മര്യാദവിട്ട് യതൊരു പ്രവൃത്തിയും നടത്തിയിട്ടില്ല. ഇക്കാര്യത്തിൽ പ്രതിപക്ഷാംഗങ്ങൾക്ക് എന്തെങ്കിലും തർക്കമുണ്ടെങ്കിൽ ഭരണ-പ്രതിപക്ഷ ഭേദമന്യേ ഒരുമിച്ചിരുന്ന് അന്നത്തെ വിഷ്വൽസ് പരിശോധിക്കാവുന്നതാണ്. "13-03-2015-ന് സഭാ സമ്മേളനം ആരംഭിക്കുന്നതിനുമുമ്പ് സർവ്വശ്രീ. ഇ. പി. ജയരാജൻ, വി. ശിവൻകുട്ടി, ഡോ. കെ.ടി. ജലീൽ, കെ. കുഞ്ഞമ്മത് മാസ്റ്റർ, കെ. അജിത് എന്നീ അംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിൽ അതിക്രമിച്ച് കടക്കുകയും

അദ്ദേഹത്തിന്റെ മേശപ്പുറത്തുള്ള കമ്പ്യൂട്ടർ, മൈക്ക്, എമർജൻസി ലാമ്പ് ഉൾപ്പെടെയുള്ള ഇലക്ട്രോണിക് ഉപകരണങ്ങളും സ്പീക്കറുടെ കസേരയും നശിപ്പിക്കുകയും ഫയലുകളും കടലാസുകളും എടുത്തെറിയുകയും സ്പീക്കറെ ഡയസിൽ പ്രവേശിക്കുന്നതിൽ നിന്നും ബലാത്കാരമായി തടയുകയും ചെയ്തത് സഭാദ്ധ്യക്ഷനോടും സഭയോടുമുള്ള കടുത്ത അനാദരവും അച്ചടക്കരാഹിത്യവും നിയമസഭാംഗങ്ങളുടെ പെരുമാറ്റച്ചട്ടത്തിന്റെ ലംഘനവുമായതിനാൽ മേൽപ്പറഞ്ഞ അഞ്ചംഗങ്ങളെയും ഇന്നുമുതൽ ഈ സഭാസമ്മേളനം അവസാനിക്കുന്നതുവരെ സഭയിൽ നിന്നും സസ്പെന്റ് ചെയ്യാൻ തീരുമാനിക്കുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

(പ്രമേയം സഭ പാസ്സാക്കി)

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഏകപക്ഷീയമായ നിർദ്ദേശത്തെ എതിർക്കുന്നു. കേരള

നിയമസഭയെ ഈ വിധത്തിൽ പരിഹാസ്യമാക്കിയതിന്റെ പൂർണ്ണ ഉത്തരവാദിത്തം ശ്രീ. കെ. എം. മാണി, ശ്രീ. ഉമ്മൻ ചാണ്ടി എന്നിവരടങ്ങുന്ന ഈ ഗവൺമെന്റിനാണ്. ആരോപണവിധേയനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി ബഡ്ജറ്റ് അവതരിപ്പിക്കാൻ പാടില്ലെന്ന നിലപാടെടുക്കുക മാത്രമാണ് പ്രതിപക്ഷം ചെയ്തിട്ടുള്ളത്. ധനകാര്യ വകുപ്പുമന്ത്രിക്കെതിരെ ഉയർന്നുവന്നിട്ടുള്ള ആരോപണങ്ങൾ കേട്ടുകേൾവിയില്ലാത്തതും അഭിമാനബോധമുള്ള കേരളീയർക്ക് അംഗീകരിക്കാൻ കഴിയാത്തതുമാണ്. ഈ പശ്ചാത്തലത്തിലാണ് ശ്രീ. കെ. എം. മാണി ബഡ്ജറ്റ് അവതരിപ്പിക്കാൻ പാടില്ലെന്ന മുന്നറിയിപ്പ് പ്രതിപക്ഷം ആവർത്തിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ശ്രീ. കെ. എം. മാണിയെക്കൊണ്ടുതന്നെ ബഡ്ജറ്റ് അവതരിപ്പിക്കുമെന്ന ദുർവാശിയായിരുന്നു മുഖ്യമന്ത്രിക്കുണ്ടായിരുന്നത്. അതുകൊണ്ടാണ് മുൻകാലങ്ങളിലെ ബഡ്ജറ്റ് അവതരണംപോലെ ഇത് നടക്കാതെ പോയത്. ബഹുമാനപ്പെട്ട ഗവർണ്ണർക്കുപോലും ഇത് സംബന്ധിച്ച് പത്രക്കുറിപ്പ് ഇറക്കേണ്ടിവന്ന

സാഹചര്യമാണ് ഇപ്പോഴുണ്ടായിരിക്കുന്നത്. ബഡ്ജറ്റ് അവതരണത്തിനായി നിയമസഭ ചേർന്നത് ഓർഡറിലാണെന്ന് പറയാൻ കഴിയില്ല.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയുടെ നടുത്തളത്തിൽ വന്ന് മുദ്രാവാക്യം മുഴക്കി സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: നടപടിയെടുത്തിട്ടുള്ള 5 അംഗങ്ങളും സഭ വിട്ട് പുറത്തുപോകേണ്ടതാണ്.

അടിയന്തരപ്രമേയം, ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻ, മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ എന്നിവ റദ്ദ് ചെയ്യുന്നു.

(സസ്പെന്റ് ചെയ്യപ്പെട്ട അംഗങ്ങൾ സഭവിട്ടു പുറത്തു പോയില്ല.)

**ധനകാര്യം**

## 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതു ചർച്ച

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കഴിഞ്ഞ ദിവസം സഭയിലുണ്ടായ അനിഷ്ട സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുവേണ്ടി സസ്പെൻഡ് ചെയ്യപ്പെട്ട അംഗങ്ങളെ ബലമായി മാറ്റണമെന്ന് ഗവണ്മെന്റ് ആഗ്രഹിക്കുന്നില്ല.

പ്രതിപക്ഷം ബഡ്ജറ്റ് ചർച്ചയിൽ പങ്കെടുക്കില്ലെന്ന് പറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ബഡ്ജറ്റിനെക്കുറിച്ചുള്ള ചർച്ച ഇവിടെ അവസാനിപ്പിച്ച് സഭ പിരിയേണ്ടതായ സാഹചര്യമാണുള്ളത്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): അരി, അരി ഉൽപ്പന്നങ്ങൾ, ഗോതമ്പ് എന്നിവയ്ക്ക് ഏർപ്പെടുത്തിയ ഒരു ശതമാനം നികുതിയും മൈദ, ആട്ട, സൂചി, റവ എന്നിവയ്ക്ക് ഏർപ്പെടുത്തിയ അഞ്ച് ശതമാനം നികുതിയും പഞ്ചസാരയ്ക്ക് ഏർപ്പെടുത്തിയ രണ്ട് ശതമാനം നികുതിയും വെളിച്ചെണ്ണയ്ക്ക് ഏർപ്പെടുത്തിയ ഒരു ശതമാനം നികുതിയും പിൻവലിക്കുന്നു. 260 കോടി രൂപയുടെ നികുതിയിളവാണ് ഇതിലൂടെ പ്രഖ്യാപിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സഭയിൽ സംജാതമായിട്ടുള്ള പ്രത്യേക സാഹചര്യം പരിഗണിച്ച് ഇന്നും മാർച്ച് 17, 18 എന്നീ തീയതികളിലും നടത്താൻ നിശ്ചയിച്ചിരുന്ന ബഡ്ജറ്റിന്മേലുള്ള പൊതു ചർച്ച ഇന്ന് ഒരു ദിവസത്തേക്കുമാത്രമായി ചുരുക്കണമെന്നും മാർച്ച് 17 മുതൽ 20 വരെ സഭ ചേരേണ്ടതില്ലെന്നും മാർച്ച് 23-ാം തീയതി സഭ ചേർന്ന് വോട്ട് ഓൺ അക്കൗണ്ട് ചർച്ച ചെയ്യണമെന്നും അന്നേദിവസം തന്നെ മാർച്ച് 19-ന്

നിശ്ചയിച്ചിട്ടുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ധനവിനിയോഗ ബില്ലും മാർച്ച് 24-ാം തീയതി പരിഗണിക്കാൻ നിശ്ചയിച്ചിരുന്ന കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് ബില്ലും) ബന്ധപ്പെട്ട നിയമസഭാ ചട്ടങ്ങൾ ഇളവുചെയ്ത് സഭ പരിഗണിക്കണമെന്നുമുള്ള പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

സഭ ഉച്ചയ്ക്കുശേഷം 12.03-ന് പിരിഞ്ഞു.

******